**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **19-01-2021 - ൽ മറുപടിയ്ക്ക്**

**നാളികേര കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളീകേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക, എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 21/11/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 138/2018/കൃഷി, സ.ഉ (കൈ) 34/2019/കൃഷി തീയതി 01/03/2019 എന്നിവ പ്രകാരം നാളീകേര വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 75 തെങ്ങിൻതൈകൾ വീതം WCT, Dwarf, Hybrid ഇനങ്ങൾ 60:20:20 അനുപാതത്തിൽ 50% സബ്സിഡിയോടുകൂടി കർഷകർക്ക് വിതരണം ചെയ്യുന്നതിന് 2019-20 വർഷം മുതൽ തുടക്കംകുറിച്ചു. പദ്ധതിപ്രകാരം 2019-20 വർഷം 3,26,025 തെങ്ങിൻതൈകളും 2020-21 വർഷം നാളിതുവരെ 7,83,948 തൈകളും കർഷകർക്ക് കൃഷിവകുപ്പ് ഫാമുകൾ, കാർഷിക സർവകലാശാല ഫാമുകൾ, CPCRI, CDB എന്നീ സ്ഥാപനങ്ങളിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ കോൾ നിലങ്ങളിലെ ബണ്ടുകളിൽ 2019-20 വർഷം 13000 WCT തൈകളും ആലപ്പുഴ ജില്ലയിലെ R-Block കായൽ ബണ്ടുകൾ, കോട്ടയം ജില്ലയിലെ കൈപ്പുഴ വെച്ചൂർ പ്രദേശത്ത് 25000 WCT തൈകൾ 100 % സബ്സിഡിയോടുകൂടി നടപ്പുവർഷം നടുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. കൂടാതെ കേരഗ്രാമം പദ്ധതിയിലൂടെയും ഉല്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യവും രോഗബാധിതവുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ ഗുണമേന്മയുള്ള തൈകൾ നടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിന്റെ തനതു കൃഷിയായ നാളികേര കൃഷിയുടെ വ്യാപനത്തിനും ഉല്പാദന വർദ്ധനവിനുമായി ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികൾ സംബന്ധിച്ച് തീരുമാനം ആകുന്നതേയുള്ളൂ. |
| (സി) | നാശം സംഭവിച്ച് മുറിച്ചുമാറ്റേണ്ടി വരുന്ന തെങ്ങുകൾക്ക് നൽകുന്ന നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്നതിനും നാളികേര കൃഷിയിൽ കർഷകന് വിജ്ഞാനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | രോഗം വന്നതും പ്രായാധിക്യംമൂലം ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് നിലവിൽ തെങ്ങൊന്നിന് 1000 രൂപയാണ് ആനുകൂല്യം നൽകിവരുന്നത്. തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നാളീകേര കർഷകർക്ക് വിജ്ഞാനം പകരുന്നതിനായി വിവിധ പരിശീലന പരിപാടികൾ കൃഷിഭവൻ മുഖേനയും കാർഷിക പരിശീലന കേന്ദ്രങ്ങൾ, CPCRI, CDB, കാർഷിക സർവകലാശാല എന്നിവ മുഖേനയും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിപാഠശാല മുഖേന പരിശീലന പരിപാടികളും നാളീകേര കർഷകർക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ